ओ३म्

# ദയാനന്ദ സന്ദേശം

## ആര്യസമാജത്തിന്റെ മുഖപത്രം

## വൈദിക - ദാർശനിക മാസിക

## DAYANANDA SANDESAM

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!

പുസ്തകം : 10 ലക്കം : 9

സൃഷ്ടി സംവത്സരം 1972949126 കലിവർഷം 5126 വൈദിക സൗരമാസം : മധു- മാധവം
ചാന്ദ്രമാസം : ഫാൽഗുനം - ചൈത്രം, കൊല്ലവർഷം 1199 മീനം-മേടം 2024 മാർച്ച്

വാർഷിക വരിസംഖ്യ : ₹ 125/- ദീർഘകാലം : ₹ 1500/-



പണ്ഡിറ്റ് ലേഖ്റാം (1858 – 1897)

**ഭാരത ചരിത്രത്തിൽ ഈ മാസം ഓർത്തിരിക്കേണ്ട പ്രധാന ദിനങ്ങൾ**

മാർച്ച് 6 : പണ്ഡിറ്റ് ലേഖ്റാം രക്തസാക്ഷിദിനം

മാർച്ച് 19 : പണ്ഡിറ്റ് ഗുരുദത്ത് വിദ്യാർത്ഥി സ്മൃതിദിനം

മാർച്ച് 23 : സർദാർ ഭഗത്സിംഗ്, സുഖ്ദേവ്, രാജഗുരു എന്നിവരുടെ രക്തസാക്ഷിദിനം

"മാനവരെല്ലാം ആര്യന്മാർ!
വേദജ്ഞാനം ഈശ്വരദത്തം!
സേവനമല്ലോ നമ്മുടെ ധർമ്മം! ''

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം



**മണ്ഡലം 1** **സൂക്തം 14**

**കാണ്വോ മേധാതിഥിർ ഋഷിഃ । വിശ്വദേവാ ദേവതാ । പിപീലികാമധ്യ നിചൃത് ഗായത്രീഛന്ദഃ । ഷഡ്ജഃ സ്വരഃ ॥**

ഇനിയുള്ള മന്ത്രത്തിൽ അഗ്നിശബ്ദത്താൽ ഈശ്വരന്റെയും ഭൗതികാഗ്നിയുടെയും ഗ്രഹണമാണ് ഉള്ളത്.

**താന്യജത്രാങ് ഋതാവൃധോऽഗ്നേ പത്നീവതസ്കൃധി।**
**മധ്വഃ സുജിഹ്വ പായയ ॥ (ഋഗ്വേദം : 1.14.7)**

പദാർത്ഥം: (അഗ്നേ) അല്ലയോ ജഗദീശ്വരാ! അങ്ങ് (യജത്രാൻ) എതൊന്നാണോ കല മുതലായ പദാർത്ഥങ്ങളിൽ സംയുക്തമാകുന്നത്. തഥാ (ഋതാവൃധഃ) സത്യതയേയും യജ്ഞാദികർമ്മങ്ങളേയും വർദ്ധിപ്പിക്കുന്നവൻ, (താൻ) വിദ്യുദാദി ശ്രേഷ്ഠ പദാർത്ഥങ്ങളാൽ (പത്നീവതഃ) പ്രശംസായുക്തമായ സ്ത്രീകൾ ഉള്ളവർ (കൃധി) ആക്കിയാലും. ഹേ (സുജിഹ്വ) ഏതൊരാളാണോ ശ്രേഷ്ഠമായ ശക്തികളെ ഗ്രഹിക്കുന്നത്, അവ ധരിക്കുന്നത്, അങ്ങനെയുള്ള അങ്ങ് (മധ്വഃ) മാധുര്യമുള്ള പദാർത്ഥങ്ങളുടെ രസത്തെ (പായയ) കുടിപ്പിച്ചാലും.

ഭാവാർത്ഥം: ശ്ലേഷാലങ്കാരമാണ് ഈ മന്ത്രത്തിലുള്ളത്. മനുഷ്യർ നല്ലവണ്ണം ഈശ്വരന്റെ ആരാധനയും അഗ്നിയാൽ ചെയ്യപ്പെടുന്ന ക്രിയാകുശലതയാൽ രസസരാദികളെ രചിച്ച് ഗാർഹ്യസ്ഥ്യത്തെ സുഗമമാക്കിയാലും.

(മഹർഷി ദയാനന്ദസരസ്വതിയുടെ ഋഗ്വേദഭാഷ്യത്തിൽ നിന്ന് തർജ്ജമ: കെ. എം. രാജൻ മീമാംസക്)

(തുടരും)

**അഭീമം മഹിമാ ദിവം വിപ്രോ ബഭൂവ സപ്രഥാഃ (യജുർവേദം 38.17)**
**ഉത്തമനായ വിദ്വാൻ അവിദ്യയെ തിരസ്കരിക്കുന്നു.**

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

## വൈദിക-ദാർശനിക മാസിക

പുസ്തകം : 10 ലക്കം 9

സൃഷ്ടി സംവത്സരം 1972949126 കലിവർഷം 5126, വൈദിക സൗരമാസം : മധു- മാധവം

ചാന്ദ്രമാസം : ഫാൽഗുനം - ചൈത്രം, കൊല്ലവർഷം : 1199 മീനം-മേടം 2024 മാർച്ച്



**രക്ഷാധികാരി**
സ്വാമി ആശുതോഷ്ജി പരിവ്രാജക്
**പത്രാധിപർ** : കെ.എം. രാജൻ മീമാംസക്
**ഉപദേശക സമിതി**
പുരുഷോത്തമൻ ആര്യ
വി. ഗോവിന്ദ ദാസ്
**പത്രാധിപ സമിതി** : കെ.കെ. ജയൻ,
എസ്. ശ്രീധരശർമ്മ, പാർവ്വതി കൃഷ്ണൻ.
**വ്യവസ്ഥാപകൻ:** കെ. ഉണ്ണികൃഷ്ണൻ


### താളുകൾ മറിക്കുമ്പോൾ


| | |
|---|---|
| വേദാദ്ധ്യയനം | 2 |
| മുഖവാണി | 3 |
| ഋഗ്വേദാദിഭാഷ്യഭൂമിക | 5 |
| മനുസ്മൃതി | 6 |
| സന്ധ്യോപാസന എന്തുകൊണ്ട്?എങ്ങനെ? | 7 |
| ഭാരതചരിത്രത്തിലെ ഏതാനും പരമാബദ്ധങ്ങൾ | 8 |
| ജീവിതം ഒരലയാഴി | 9 |
| വൈദിക ഗണപതി | 10 |
| വേദങ്ങൾ തന്നെയാണ് ഈശ്വരീയ ജ്ഞാനം | 12 |
| ദയാനന്ദ ദൃഷ്ടാന്ത സംഗ്രഹം | 13 |
| ത്രൈത സിദ്ധാന്തം എന്ത്? എങ്ങനെ? | 16 |
| ഗുണപാഠ കഥകൾ | 18 |
| ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ | 19 |



വിലാസം

ദയാനന്ദ സന്ദേശം, ആര്യസമാജം
പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ
വെള്ളിനേഴി തപാൽ, പാലക്കാട് - 679 504
Ph: 9446575923, 9497525923
Email :dayanandasandesam@gmail.com
Visit Us : www.aryasmajkerala.org.in
www.vedagurukulam.org


# മുഖവാണി

## ആര്യസമാജം കേരളത്തിൽ



കേരളത്തിൽ ആര്യസമാജപ്രവർത്തനത്തിന് കഠിനാദ്ധ്വാനം ചെയ്ത മൺമറഞ്ഞ ഏതാനും മഹാപുരുഷൻമാരെക്കുറിച്ചാണ് ഇതുവരെ വിവരിച്ചത്. ഈ ലിസ്റ്റ് പൂർണമല്ല. അറിയപ്പെടാത്ത അനേകം പേർ ഇവിടെ പ്രവർത്തിച്ചിട്ടുണ്ട്. അവരുടെ വിവരങ്ങൾ ശേഖരിക്കാനുള്ള ശ്രമം നടന്നുവരുന്നു. ഇപ്പോൾ ജീവിച്ചിരിക്കുന്ന സ്തുത്യർഹമായ വേദപ്രചാര പ്രവർത്തനം നടത്തുന്ന ഏതാനും പേരെ പരിചയപ്പെടുത്താം. അവരിൽ പ്രമുഖനായ ഒരാളാണ് ശ്രീ. പി.കെ ജയൻ.

**1. പി.കെ.ജയൻ**

ശ്രീ. പി.കെ ജയൻ 1956 മാർച്ച് 17-ന് എറണാകുളത്ത് കലൂരിൽ ജനിച്ചു. സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദമെടുത്തതിനു ശേഷം കളമശ്ശേരി പോളിടെക്നിക്കിൽ നിന്നും സിവിൽ എഞ്ചിനീയറിംഗിൽ ഡിപ്ലോമ നേടി പൊതുമരാമത്ത് വകുപ്പിൽ ഔദ്യോഗിക ജീവിതം ആരംഭിച്ചു. 2011-ൽ ഹെഡ് ക്ലാർക്കായി വിരമിച്ചു. കണ്ണൂർ ധർമ്മടം സ്വ

അഗ്നിനാഗ്നിഃ സമിദ്ധ്യതേ (സാമം 944)

ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു.

ദേശിയായ എ.പി. ഉപേന്ദ്രജിയുടെയും ചെങ്ങന്നൂർ ആചാര്യ നരേന്ദ്രഭൂഷന്റെയും കീഴിൽ ആർഷഗ്രന്ഥങ്ങളുടെ പഠനം നടത്തുവാനുള്ള ഭാഗ്യവും നിയോഗവും ഉണ്ടായി.

വേദപരിചയം, കാലഗണന, ദർശനങ്ങളിലൂടെ ഒരു യാത്ര, ഉപനിഷദ് പര്യടനം, വൈദികയജ്ഞങ്ങളുടെ ഭൗതിക പ്രസക്തി, ന സ്ത്രീ സ്വാതന്ത്ര്യമർഹതി, മരണത്തിനപ്പുറം, വിമാനശാസ്ത്രം, മനുസ്മൃതി ഒരു പുനർവായന, സോമരസരഹസ്യം, അന്നമെന്ന അമൃതം, ഷോഡശസംസ്കാരം, യജ്ഞോപവീതം എന്നീ സ്വതന്ത്രകൃതികളും, ഗുരുദേവകൃതികളായ ദൈവദശകം, പിണ്ഡനന്ദി, വിനായകാഷ്ടകം, അനുകമ്പാദശകം, ജാതിനിർണയം, ഹോമമന്ത്രം, ജീവകാരുണ്യപഞ്ചകം, സദാചാരം, ആത്മോപദേശശതകം, ശ്ലോകത്രയീ, ശ്രീവാസുദേവാഷ്ടകം, ശിവപ്രസാദ പഞ്ചകം, ധർമ്മം എന്നിവയ്ക്ക് വൈദികഭാഷ്യവും രചിച്ചിട്ടുണ്ട്. ഉപനിഷത്തുക്കളിൽ മണ്ഡൂക്യം, ഈശാവാസ്യം, ഐതരേയം, കേനം, തൈത്തിരീയോപനിഷത്ത് എന്നിവയ്ക്ക് ഭാഷ്യം രചിച്ചു. ദർശനങ്ങളിൽ ന്യായദർശനത്തിന് മലയാളഭാഷ്യം എഴുതിയിട്ടുണ്ട്. മലയാളത്തിലെ ഒരു വൈദിക ദാർശനിക മാസികയായ ആർഷനാദത്തിന്റെ ഉപപത്രാധിപ സ്ഥാനം വഹിക്കുന്നുണ്ട്.

വൈറ്റില മേപ്പള്ളി വീട്ടിൽ സുഷമയാണ് ധർമ്മപത്നി.

ഏകമകൾ കാർത്തിക ആയുർവേദഡോക്ടറാണ്.

വിലാസം
പ്രണവം, അശോക റോഡ്, കലൂർ, കൊച്ചി - 682017
ഫോൺ : 9733220239
E-mail ID : pranavam432@yahoo.com

- പത്രാധിപർ

**ദയാനന്ദ സന്ദേശം മാസിക**

സത്യ - സനാതന - വൈദിക ധർമ്മ സന്ദേശം,
ആര്യധർമ്മത്തിന്റെ പാഞ്ചജന്യം.

വായിക്കുക........................പ്രചരിപ്പിക്കുക..............വരിക്കാരാവുക

വാർഷിക വരിസംഖ്യ 125/- രൂപ ദീർഘകാലം 1500 /-

വരിസംഖ്യ അയക്കേണ്ട വിധം

Account Name : Dayananda Sandesam

Account No : 4264000100072426, Punjab National Bank Cherpalcheri

ഓം നമഃ ശംഭവായ ച മയോഭവായ ച (യജു. 16.41)

മംഗളത്തിന്റെയും സുഖത്തിന്റെയും ഉറവിടമായ ഭഗവാനെ! അങ്ങയെ നമസ്കരിക്കുന്നു.

(മുൻലക്കത്തിന്റെ തുടർച്ച)



# ഋഗ്വേദാദി ഭാഷ്യഭൂമിക

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ : കെ. എം. രാജൻ മീമാംസക്

## 4. വേദവിഷയവിചാരഃ

**അനേനാര്യേതിഹാസേന വിജ്ഞായതേ ന പരമേശ്വരം വിഹായാന്യസ്യോപാസകാ ആര്യാ ഹ്യാസന്നിതി ॥**

**ഭാഷാർത്ഥം :** ഇനി '33 ദേവതകൾ' എന്ന വിഷയത്തെ അടിസ്ഥാനമാക്കിയാണ് വ്യാഖ്യാനിക്കാൻ പോകുന്നത്. വേദമന്ത്രങ്ങളുടെ വ്യാഖ്യാനമായ ബ്രാഹ്മണഗ്രന്ഥങ്ങളിൽ വർണ്ണിച്ചിട്ടുള്ളത് (ത്രയസ്ത്രിംശത്) 33 ദേവതകളെക്കുറിച്ചാണ്. ഈ മുപ്പത്തിമൂന്ന് ദേവതകളിൽ - എട്ട് വസുക്കൾ, പതിനൊന്ന് രുദ്രന്മാർ, പന്ത്രണ്ട് ആദിത്യന്മാർ, ഒരു ഇന്ദ്രൻ, പിന്നെ ഒരു പ്രജാപതി. ഇവരെല്ലാം കൂടി ചേർന്നതാണ് മുപ്പത്തിമൂന്ന് മുക്കോടി ദേവതകളാകുന്നത്.

എട്ട് വസുക്കൾ- അഗ്നി, പൃഥിവീ, വായു, അന്തരിക്ഷം, ആദിത്യൻ, ചന്ദ്രൻ പിന്നെ നക്ഷത്രം (ആദിത്യൻ എന്ന് പറഞ്ഞാൽ സൂര്യലോകം - അതിന്റെ പ്രകാശത്തെയാണ് 'ദ്യൗഃ' എന്ന് പറയുന്നത്.) എല്ലാ പദാർത്ഥങ്ങളും ഈ എട്ട് വസ്തുക്കളിൽ വസിക്കുന്നതുകൊണ്ടാണ് ഇതിനെ 'വസു' എന്ന് പറയുന്നത്. അതായത് വസുക്കൾ എല്ലാത്തിന്റെയും നിവാസസ്ഥാനമാകുന്നു.

പതിനൊന്ന് രുദ്രൻമാർ എന്ന് പറയുന്നത് ശരീരത്തിൽ സ്ഥിതി ചെയ്യുന്ന ദശ പ്രാണനെയാണ്, അതായത് പ്രാണൻ, അപാനൻ, വ്യാനൻ, സമാനൻ, ഉദാനൻ, നാഗം, കൂർമം, കൃകലം, ദേവദത്തൻ, ധനഞ്ജയൻ എന്നിവയാണ് അവ. പിന്നെ പതിനൊന്നാമത്തേത് ജീവാത്മാവും. ഈ രുദ്രൻമാർ ശരീരത്തിൽ നിന്ന് വിട്ടുപോകുമ്പോൾ മരിക്കുന്നതുകാരണം ബന്ധുമിത്രാദികൾ കരയുന്നു. പിന്നെ അത് ശരീരത്തിൽ നിന്ന് വിട്ടുപോകുമ്പോൾ വേദനിപ്പിക്കുന്നു. മേൽപ്പറഞ്ഞ കാരണങ്ങളാൽ ഇതിനെ 'രുദ്രൻ' എന്ന് വിശേഷിപ്പിക്കുന്നു.

ആദിത്യൻ എന്നുവെച്ചാൽ ചൈത്രം മുതൽ ഫാൽഗുനം വരെയുള്ള 12 മാസങ്ങളാണ്. ജഗത്തിലെ എല്ലാ പദാർത്ഥങ്ങളുടെയും ആദാനം അതായത് എല്ലാവരുടെയും ആയുസ്സിനെ ഗ്രഹിച്ചുകൊണ്ട് പോകുന്നു. ഈ കാരണത്താൽ ആദിത്യൻ എന്ന പേരിൽ അറിയപ്പെടുന്നു.

അടുത്തതായി ഇന്ദ്രൻ. ഇന്ദ്രൻ എന്ന് പറഞ്ഞാൽ വൈദ്യുതി. എന്തെന്നാൽ ഉത്തമ ഐശ്വര്യമുള്ള വിദ്യകളുടെ മുഖ്യകാരണമാകുന്നു. പിന്നെ 'യജ്ഞ'ത്തെ പ്രജാപതി എന്ന് വിശേഷിപ്പിക്കാൻ കാരണം യജ്ഞത്താൽ വായുവിന്റെയും വർഷജലത്തിന്റെയും ശുദ്ധി നടക്കുന്നു. ഇങ്ങനെ പ്രജകളെ പാലിക്കുന്നു. അപ്രകാരം പശുക്കളും മൃഗങ്ങളും പ്രജകളെ പാലിക്കുന്നതിനാൽ യജ്ഞം എന്ന് വിശേഷിക്കപ്പെടുന്നു. ഈ മുപ്പത്തിമൂന്ന് ദേവതകളും സ്വന്തം ദിവ്യഗുണങ്ങളാൽ 'ദേവ' എന്നറിയപ്പെടുന്നു. (തുടരും)

*വിപ്രാ അമൃതാ ഋതജ്ഞാഃ (യജുർവേദം 9.18)*
*വിപ്രൻ സത്യവ്രതനും അമരനുമാകുന്നു*

(മുൻലക്കത്തിന്റെ തുടർച്ച)



# മനുസ്മൃതി

ഡോ. സുരേന്ദ്രകുമാർ

തർജ്ജമ : കെ.എം. രാജൻ മീമാംസക്

**അധ്യായം : 1** **മനുസ്മൃതിയുടെ മഹത്വം, രചയിതാവ്, കാലവും ആദ്യരൂപവും (തുടർച്ച)**

**ശ്രീ** കെ. എൽ ദഫ്തരി സ്വായംഭുവ മനുവിന്റെ കാലം ക്രിസ്തുവിന്റെ മുമ്പ് 2670 ആണെന്ന് കരുതുന്നു. (രാമചന്ദ്രകാല് നിർണ്ണയ്-പേജ് 65) ത്ര്യം.ഗു. കാലേ പുരാണങ്ങളുടെ കാഴ്ചപ്പാടനുസരിച്ച് മനുവിന്റെ കാലം ക്രിസ്തുവിന് മുമ്പ് 3102 ആയി കണക്കാക്കേണ്ടതാണ്. (പുരാണ നിരീക്ഷണം-പേജ് 315) ലോക മാന്യ ബാലഗംഗാധരൻ ജ്യോതിശാസ്ത്ര വിജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ പ്രാചീന വൈദിക സാഹിത്യങ്ങളുടെ കാലനിർണ്ണയം നടത്താൻ പരിശ്രമിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ നിഗമനമനുസരിച്ച് കാർത്തിക നക്ഷത്രത്തിൽ വസന്താരംഭം നടന്ന കാലത്ത് ബ്രാഹ്മണഗ്രന്ഥങ്ങളുടെ രചന നടന്നു. മകയിരം നക്ഷത്രത്തിന്റെ കാലത്ത് വസന്താരംഭം നടന്നപ്പോൾ അതായത് യഥാക്രമം 4500/6500 വർഷം മുമ്പാണിത് നടന്നത്. ഇപ്രകാരം ആ ഗ്രന്ഥങ്ങളുടെ കാലം യഥാക്രമം ക്രിസ്തുവിന് മുമ്പ് 2500-4500 വർഷങ്ങൾക്ക് മുമ്പാണ്. (ഗീതാരഹസ്യത്തിന്റെ ഭൂമിക) ഇതനുസരിച്ച് ബ്രാഹ്മണഗ്രന്ഥമനുസരിച്ച് മനുവിന്റെ കാലം എന്ന് കണക്കാക്കുന്നു.

ധർമ്മശാസ്ത്രങ്ങളുടെയും മനുസ്മൃതിയുടെയും നിരീക്ഷകനായിരുന്ന ഡോക്ടർ പി.വി. കാണെ (P.V Kane) തന്റെ 'ധർമ്മശാശാസ്ത്ര് കാ ഇതിഹാസ്' എന്ന ഗ്രന്ഥത്തിൽ ശതപഥബ്രാഹ്മണം, തൈത്തിരീയ സംഹിത എന്നിവയുടെ കാലം ക്രിസ്തുവിന് മുമ്പ് 4000-1000 വർഷമാണെന്ന് കണക്കാക്കുന്നു. മനുവിന്റെ ജീവിതകാലം ഇതിനുമുമ്പായിരുന്നതിനാൽ അദ്ദേഹം വളരെ പ്രാധാന്യനായിരിക്കാം. എന്തെന്നാൽ ഈ ഗ്രന്ഥത്തിൽ ഒന്നുമുതൽ ഏഴാമത്തെ മനുവരെയുള്ളവരുടെ വിവരണമ്മാണ്. (തൈ. സം. 22.10.2, 3.1.9.4, താം ബ്രാ. 23.16.7) തൈ.സം. 3.1.9.30, കാംകസം. 11.2)

**മനു ആദിസൃഷ്ടിയിലേതാണെന്ന് അഭിപ്രായം**

ആദി സൃഷ്ടി എന്നതുകൊണ്ട് ആദ്യമാനവൻ ഉണ്ടായി എന്നല്ല ഇവിടെ അർത്ഥമാക്കേണ്ടത്. മാനവസൃഷ്ടിയുടെ ആരംഭ കാലീന രചനയാണിവിടെ ഉദ്ദേശിക്കുന്നത്. ഭാരതീയ ഇതിഹാസത്തിൽ ബ്രഹ്മാവിന് മുമ്പുള്ള ഒരു വംശപരമ്പരയും കാണുന്നില്ല. അദ്ദേഹത്തിന്റെ കാലം എപ്പോഴാണെന്ന് കരുതിയാലും വംശപ്രവർത്തകൻ എന്ന അർത്ഥത്തിൽ ബ്രഹ്മാവ് ആദിസൃഷ്ടിയുടേതാണെന്ന് പറയപ്പെടുന്നു. മനു അദ്ദേഹത്തിന്റെ പുത്രനായതിനാൽ ആദി സൃഷ്ടിയുടേതായും

(ശേഷം പേജ് 15 ൽ)

**ഈശാവാസ്യമിദം സർവ്വം (യജു. 40.1)**

**ഈ ജഗത്ത് മുഴുവൻ ഈശ്വരമയമാണ്.**



(മുൻലക്കത്തിന്റെ തുടർച്ച)

# സന്ധ്യോപാസന എന്തുകൊണ്ട്? എങ്ങനെ?

പണ്ഡിറ്റ് ഗംഗാപ്രസാദ് ഉപാധ്യായ
തർജ്ജമ : കെ. എം. രാജൻ മീമാംസക്

## അദ്ധ്യായം: 4

## ശന്നോ ദേവീ.....മന്ത്രം

മനുഷ്യൻ സ്വാർത്ഥികളാണ്. എല്ലാ പ്രാണികളും സ്വാർത്ഥികളാണ്. നമുക്ക് എന്തെങ്കിലും നേട്ടമുണ്ടാക്കുന്നവരോട് നമുക്ക് സ്നേഹവും, നമ്മിൽനിന്ന് എന്തെങ്കിലും തട്ടിപ്പറിക്കുന്നവരോട് ഈർഷ്യയും തോന്നാറുണ്ട്. നമുക്ക് ഒന്നും നല്കാത്തവരോടും നമ്മിൽ നിന്ന് ഒന്നും എടുക്കാത്തവരോടും നമുക്ക് യാതൊരു ഭാവഭേദവുമുണ്ടാവാറില്ല. ഈശ്വരൻ നമുക്ക് എല്ലാം നൽകുന്നുവെന്നും ഒന്നും നമ്മിൽ നിന്ന് തട്ടിപ്പറിക്കുന്നില്ല എന്നും ബോധ്യമായാൽ നാം അദ്ദേഹത്തെ സ്നേഹിക്കും. നമുക്ക് അദ്ദേഹത്തെ സാക്ഷാത്ക്കരിക്കാനായാലും ഇല്ലെങ്കിലും അങ്ങനെ തന്നെയാണ്. ഒരാൾ നമുക്ക് ദിവസവും മധുര പലഹാരങ്ങൾ കൊടുത്തയക്കുന്നുവെങ്കിൽ അദ്ദേഹത്തെക്കുറിച്ച് കൂടുതൽ അറിയാൻ നമുക്ക് താത്പ്പര്യമുണ്ടാകും. അദ്ദേഹവുമായി അടുത്ത സമ്പർക്കം പുലർത്താനും നേരിട്ട് കാണാനും നാം ആഗ്രഹിക്കും. നമ്മുടെ ജീവിതത്തിന് ആധാരമായ വസ്തുക്കൾ നൽകുന്നതാരാണെന്നറിയുക തുടങ്ങിയാൽ സന്ധ്യാവന്ദനത്തിൽ മനസ്സ് കൂടുതൽ ദൃഢമാകുന്നതിന് സഹായകമാകുന്നു.

ഇപ്രകാരം 'ശന്നോ ദേവീ' മന്ത്രത്തിന്റെ അർത്ഥവിചാരം നമ്മുടെ മനസ്സിൽ 'ആപോ ദേവീഃ ' അതായത് അങ്ങനെ നാം പറയും . 'അല്ലയോ പരമാത്മൻ, 'ശംയോഃ' അതായത് സുഖത്തെ പ്രാപ്തമാക്കുന്നതിനും പാപത്തിൽ നിന്ന് രക്ഷിക്കുന്നതിനും നമ്മുടെ മേൽ അങ്ങയുടെ ഉപകാരങ്ങളും ഉപഹാരങ്ങളും വർഷിച്ചാലും. അതോടൊപ്പം ഈ വൃഷ്ടിയെ അനുഭവിക്കുന്നതിനുള്ള ബുദ്ധിയെ പ്രദാനം ചെയ്താലും. ഈ അനുഭൂതി നേടലാണ് 'പീതി'. ഈ അനുഭൂതി തന്നെയാണ് സന്തോഷം. ഈശ്വരകൃപയുണ്ടായിട്ടുകൂടി നമ്മുടെ മനസ്സിൽ 'അനുഭൂതി 'ഉണ്ടാവുന്നില്ലെങ്കിൽ ഉത്തമ പദാർത്ഥങ്ങളുണ്ടായിട്ടും നാം സുഖം ലഭിക്കാത്തവരായിത്തീരുന്നു. മാത്രമല്ല സുഖങ്ങൾ നൽകുന്ന പരമാത്മാവിനോട് നമ്മുടെ മനസ്സിൽ യാതൊരു ശ്രദ്ധാഭാവവും ഉണ്ടാവുകയുമില്ല. അതിനാൽ നിരന്തരം ചിന്തിക്കുക , ഈശ്വരൻ നിങ്ങൾക്ക് എന്തെല്ലാം നൽകി. ഇത് ചിന്തിക്കാൻ നിങ്ങളുടെ പക്കൽ ധാരാളം സാമഗ്രികളുണ്ട്. അദ്ദേഹം നൽകുന്ന ഉപകാരങ്ങൾ നാലുവശത്തും പരന്നുകിടക്കുകയാണ്.

ഇനി നിങ്ങൾ മുന്നോട്ടുപോയാലും. നമ്മുടെ പിണ്ഡം അതായത് ശരീരത്തിന്റെ ഓരോ അംഗങ്ങളിലും ശ്രദ്ധിച്ചാലും. നമ്മുടെ ശരീരത്തിന്റെ ഓരോ ഭാഗങ്ങളും നമുക്ക് എത്ര ലാഭപ്രദമാണ്. ഈ ഗുണങ്ങൾക്ക് നാം ഈശ്വരനോട് എത്രകണ്ട് കടപ്പെട്ടിരിക്കുന്നു!.

(തുടരും)

*മാ സ്രേധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ.*



(മുൻ ലക്കത്തിന്റെ തുടർച്ച)

# ഭാരത ചരിത്രഗവേഷണത്തിലെ ഏതാനും പരമാബദ്ധങ്ങൾ

പ്രൊ.പി.എൻ.ഓക്
തർജ്ജമ : കെ. എം. രാജൻ മീമാംസക്

## ആമുഖം

നൂറ്റാണ്ടുകളോളം നീണ്ടുനിന്ന വിദേശാധിപത്യം ഭാരതചരിത്രത്തെ തികച്ചും വികലമാക്കുന്ന സത്യവിരുദ്ധമായ അബദ്ധങ്ങൾ പടച്ചുണ്ടാക്കുന്നതിന് വഴിയൊരുക്കി. വിദേശഭരണാധികളുടെ ഒത്താശയോടെ എഴുതിയുണ്ടാക്കിയ ഇത്തരം അബദ്ധങ്ങൾക്ക് കാലക്രമേണ പരസ്യമായ അംഗീകാരം ലഭിച്ചു. ചരിത്രമെന്നാൽ ഒരു രാഷ്ട്രത്തിന്റെ ഭൂതകാലത്തെ സംഭവപരമ്പരകളുടെ ക്രമാനുസാരമുള്ള വിവരണമാണെങ്കിൽ ഇപ്പോൾ പ്രചാരത്തിലുള്ള ഭാരതചരിത്രം അതിശയോക്തിപരമായ അറബിക്കഥയോടൊപ്പം ഒപ്പത്തിനൊപ്പം നിൽക്കാവുന്നതാണ്.

അത്തരം ചരിത്രത്തെ പരിത്യജിക്കുകയും തിരുത്തി എഴുതേണ്ടതും അത്യാവശ്യമാണ്. ഈ ചരിത്രഗ്രന്ഥത്തിൽ ഭാരത്‌ചരിത്രഗവേഷണത്തിലെ ഏതാനും പരമാബദ്ധങ്ങൾ ഞാൻ ചൂണ്ടിക്കാണിക്കുന്നു. ഇവ മാത്രമാണ് അബദ്ധങ്ങൾ എന്നില്ല. ഭാരതത്തിന്റെയും ലോകത്തിന്റെയും ഇപ്പോൾ അറിയപ്പെടുന്ന ചരിത്രത്തിൽ രണ്ടാമതൊരു നിരീക്ഷണത്തിൽ താത്പര്യമുള്ള ചരിത്രഗവേഷകൻമാർക്ക് ഒരു പുനർ വിചിന്തനത്തിനുള്ള ഏതാനും ഉദാഹരണങ്ങൾ മാത്രമാണിത്.

എന്റെ 'താജ്മഹൽ ഒരു രജ്പുത് കൊട്ടാരമായിരുന്നു' എന്നുള്ള ഗവേഷണ പ്രസിദ്ധീകരണം തെറ്റിദ്ധരിപ്പിക്കപ്പെട്ട ഭാരതചരിത്രഗവേഷണത്തെ നേരത്തെ തുറന്ന് കാട്ടിയിരുന്നു. വാസ്തവ വിരുദ്ധമായ ഭാരതീയ ചരിത്രഗവേഷണം ഒരു പകർച്ചവ്യാധിപോലെ എല്ലാ മേഖലകളെയും ബാധിച്ചിരുന്നു. ആർക്കിടെക്ചറും, സിവിൽ എൻജിനീയറിംഗും പഠിക്കുന്ന വിദ്യാർത്ഥികളേ.. മധ്യകാല നിർമ്മിതമായ ഭാരതത്തിലും പടിഞ്ഞാറൻ എഷ്യയിലുമുള്ള കെട്ടിടങ്ങൾ അറബ്- ഇസ്ലാം (അറേബ്യൻ) ശില്പകലകളുടെ ഉത്പ്പന്നങ്ങളാണെന്ന് വിശ്വസിക്കാൻ നിർബ്ബന്ധിതരാക്കുന്നു.

വാസ്തവത്തിൽ ഇന്തോ - അറേബ്യൻ ശില്പകല എന്നത് ഒരു മിഥ്യ മാത്രമാണെന്ന് ഏതാനും പേജുകളിൽ വ്യക്തമാക്കുന്നു. എല്ലാ മധ്യകാല കെട്ടിടങ്ങളും കൊട്ടാരങ്ങളും മുസ്ലീങ്ങൾക്കുമുമ്പ് രജപുത്രരാജാക്കൻമാരാൽ നിർമ്മിക്കപ്പെട്ടവയാണ്. ഭാരതത്തിലുണ്ടായിരുന്ന ശില്പകലാ വിദഗ്ദ്ധരെ വാൾമുന

(ശേഷം പേജ് 14 ൽ)

യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)
ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ



(മുൻലക്കത്തിന്റെ തുടർച്ച)

# ജീവിതം ഒരലയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

## അധ്യായം : 6 (തുടർച്ച......)

## ഗുരുകുലവാസം

ഞായറാഴ്ച ഒഴിവാണ്. ഒഴിവ് പക്ഷേ മറ്റൊരു പഠനത്തിനുള്ള സമയമാണ്. നല്ല സത്സംഗം നടത്തുന്ന വിദ്വാന്മാരുടെ പ്രഭാഷണം ശ്രദ്ധാപൂർവ്വം ശ്രവിച്ച്, നോട്ടുബുക്കിൽ വേണ്ട ആത്മീയവും ഭൗതികവുമായ തത്വങ്ങൾ കുറിച്ചെടുത്ത് മടങ്ങി വന്ന് മൂന്ന് മണിക്ക് ഇവിടെ വിദ്യാനികേതനാശ്രമശാലയിൽ പ്രധാനാദ്ധ്യാപകന്റെ അദ്ധ്യക്ഷതയിൽ നടത്തുന്ന മീറ്റിംഗിൽ പ്രസംഗിക്കേണ്ടി വരും. അപ്പോൾ പ്രസംഗപരിശീലനവുമായി സാധകന്. സാത്വികവും ധാർമ്മികവുമായ ജീവിതത്തിലൂടെ ആദ്ധ്യാത്മിക സിദ്ധനാക്കുകയാണ് ഗുരുകുലവിദ്യഭ്യാസത്തിന്റെ ധ്യേയവും, ലക്ഷ്യവും. മൈത്രേയിയേയോ, ഗാർഗിയേപോലെയോ സ്ത്രീ ബ്രഹ്മനിഷ്ഠനായ പുരുഷന്റെ ബീജം സ്വീകരിച്ച് ഭൗതികമായും ആത്മീയമായും യാതൊരു പോറലുമേല്പിക്കാതെ പത്ത് മാസം ഗർഭത്തിലിട്ട് വളർത്തി അത്യുന്നത സംസ്കൃതനായ അഥവാ സംസ്കൃതയായ ഒരു ദിവ്യസന്തതിയെ ലോക ഭദ്രതാർത്ഥം സംഭാവന ചെയ്യുന്നതുപോലെ, ആകണം വിദ്യാഭ്യാസസ്ഥാപനമെന്ന അത്യുത്തുമ ആദർശത്തിന് ഊന്നൽ നൽകിക്കൊണ്ടാണ് മഹർഷി ദയാനന്ദൻ ഭാരതത്തിലങ്ങോളമിങ്ങോളം ശതക്കണക്കിന് വിദ്യഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ചത്. ലാലാ ലജ്പത് റായ്, പണ്ഡിറ്റ് മദൻ മോഹൻ മാളവ്യ, ഭഗത്സിംഗ്, രാജ് ഗുരു, ജയദേവ്, രാംപ്രസാദ് ബിസ്മിൽ, ഭവതീ പ്രസാദ്, ചന്ദ്രശേഖർ ആസാദ് മുതലായ അനേകം അനേകം നേതാക്കളും, സ്വാതന്ത്ര്യ സമര ബലിദാനികളും ഇത്തരം സരസ്വതീക്ഷേത്രങ്ങൾ സംഭാവന ചെയ്ത ജ്യോതിർപുഞ്ജങ്ങളായിരുന്നു. അവരിന്നും ആകാശത്തിൽ നക്ഷത്രരൂപത്തിൽ മിന്നിത്തിളങ്ങുന്നുണ്ട്. അവരുടെ പ്രജ്ജ്വലിത പ്രകാശം അധികാധികം പ്രജ്ജ്വലിതമാകുകയും, തജ്ജന്യ സുതാര്യയുക്ത കർമ്മങ്ങൾ മനസ്സിലാക്കി കൊടുക്കുകയും ആവഴിക്കുകയും ചെയ്ത്, ധ്യേയത്തിലെത്തിക്കാൻ കഴിവുറ്റ വിദ്യാനികേതനങ്ങൾ രാജ്യത്തിലെ ഗ്രാമഗ്രാമന്തരവും, ധാമധാമന്തരവും സൂര്യസമാനം ഉയർന്നുവരട്ടെ.

അങ്ങനെ ലക്ഷ്മണ രേഖയ്ക്കകത്ത് സംയമേന്ദ്രിയനായി വർത്തിച്ചു കൊണ്ട് പഠിക്കാനുള്ള ഭാഗ്യം -ഈശ്വരകടാക്ഷം പാച്ചന് ലബ്ധമായി. അയാളുടെ തത്പരതയും, ഏകാഗ്രതയും ശ്രദ്ധയും ഒന്നിച്ചുചേർന്നപ്പോൾ 'വൈദിക സിദ്ധാന്ത ഭൂഷൺ' എന്ന ആര്യസമാജത്തിന്റെ സ്വതന്ത്ര ത്രിവത്സര ഡിപ്ലോമ രണ്ട് വർഷം കൊണ്ട് പൂർത്തിയാക്കി പാച്ചൻ. അതിനുശേഷം അതേ പ്രസ്ഥാനത്തിൽ പ്രാഥമിക ക്ലാസ്സുകളിൽ അദ്ധ്യാപന വൃത്തിയിലേർപ്പെട്ടു. സമാജം ആദ്യമായി പാച്ചനെ മുൾത്താനിലേക്ക് (ഇന്നത്തെ പാക്കിസ്ഥാൻ) അയച്ചു. അവിടെ ബാലഗുരുകുലത്തിലാണ് പാച്ചൻ പ്രവർത്തനമാരംഭിച്ചത്.

(തുടരും)

| |
|---|
| യാന്തി പ്രമാദമതന്ദ്രാഃ (സാമം 721) |
| ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു |



(മുൻലക്കത്തിന്റെ തുടർച്ച)

# വൈദിക ഗണപതി

മദൻ രഹേജ

തർജ്ജമ : കെ.കെ.ജയൻ ആര്യ

## ആമുഖം (തുടർച്ച..........)

എന്നാൽ സനാതന ധർമ്മത്തിൽ ഐതിഹാസിക പുരുഷന്മാരെ (ശിവജി, ശ്രീരാമചന്ദ്രൻ, ശ്രീകൃഷ്ണ മഹാരാജ് തുടങ്ങിയവരെ) ദേവതമാരായും ചിലപ്പോൾ കുലദേവതമാരായും കാണുമ്പോഴും ചിലർ നമ്മുടെ പൂർവികരുടെ മഹത്വവും സംസ്കൃതിയും പാടെ മറക്കുകയും ധർമ്മത്തെ മനസ്സിലാക്കുവാനോ പഠിക്കുവാനോ ശ്രമിക്കാതെ തനിക്ക് എന്തു പ്രയോജനം ലഭിക്കും എന്നുമാത്രം ചിന്തിക്കുന്നു. ഇവിടെ ' ധർമ്മമില്ലാത്ത മനുഷ്യരും മൃഗങ്ങളും തമ്മിൽ എന്ത് അന്തരമാണുള്ളത്? ധർമ്മമാണ് മനുഷ്യനെ മൃഗങ്ങളിൽ നിന്നും വേറിട്ടുനിർത്തുന്നത് എന്ന മനുവചനം പ്രസക്തമാണ്.

ഉത്സവങ്ങളുടെ അവസരങ്ങളിൽ ഗണപതിയുടെ വിവിധ രൂപങ്ങൾ നിർമ്മിച്ച് പൂജ ചെയ്യുന്നുണ്ട്. ദീപാവലി നാളുകളിൽ തന്റെ ജന്മരാശിയുടെ രൂപത്തിലുള്ള ഗണപതിയുടെ പ്രതിമ വീട്ടിനുള്ളിൽ വച്ചാൽ എല്ലാ മനോകാമനകളും പൂർത്തിയാകുമെന്ന പുതിയ ഒരു വിശ്വാസവും കൂടി ഇപ്പോൾ കടന്നുവന്നിരിക്കുന്നു. ധനത്തിന്റെ അത്യാർത്തിയാൽ എന്തെല്ലാമാണ് മനുഷ്യൻ ചെയ്തുകൂടാത്തത്? ചലചിത്ര മാദ്ധ്യമത്തിലൂടെ ദേവീദേവന്മാരുടെ കഥകൾ, കാല്പനികങ്ങളായ സ്വർഗ്ഗവും നരകവും, ഹാസ്യ രൂപത്തിൽ പ്രദർശിപ്പിക്കുമ്പോഴും ആസ്വദിക്കുമ്പോഴും അത് നമ്മുടെ സംസ്കൃതിക്ക് അവമതിപ്പുണ്ടാക്കുന്നു എന്ന് തിരിച്ചറിയാതെ അതിലവർ സന്തോഷം കണ്ടെത്തുന്നു.

( പ്രതിമയിൽ ഈശ്വരനുണ്ട് എന്നാൽ പ്രതിമ ഈശ്വരനല്ല. പ്രതിമ നിർമ്മിച്ചവൻ തന്നെ ചിലപ്പോൾ അതിനെ തകർക്കുന്നു. എന്നാൽ ജ്ഞാനികൾ അപ്രകാരം ചെയ്യുന്നില്ല. അവർ അതിനെ സംരക്ഷിക്കുന്നു. ആരാണോ ഈർഷ്യ, ദ്വേഷം, അപമാനം എന്നിവയാൽ പ്രതിമയെ അനാദരിക്കുന്നത് അഥവാ ധ്വംസിക്കുന്നത് മനുഷ്യത്വം നഷ്ടപ്പെട്ട അവർ മാനസികമായി താഴ്ന്ന നിലവാരം പുലർത്തുന്നവരാണ്. അധർമ്മികളും ധനമോഹികളുമായവർ ക്ഷേത്രങ്ങളിൽ നിന്നും വിഗ്രഹങ്ങളെ മോഷ്ടിക്കുകയോ അതിനുള്ള ഒത്താശ ചെയ്യുകയൊ

ബൃഹദ് വദേമ വിവഥേ സുവീരാഃ (യജുർവേദം 34.58)
ഞങ്ങൾ ശാസ്ത്രാർത്ഥങ്ങളെ നന്നായി വദിക്കും

ചെയ്യുന്നതിന്റെ ഫലമായി "ഭഗവാനെ മോഷ്ടിച്ചു , ഭഗവാനെ രക്ഷിച്ചു, പുതിയ ഭഗവാനെ വാങ്ങി' എന്നീ തെറ്റായ പ്രസ്താവനകൾ മനുഷ്യരുടെ ഇടയിൽ ഉണ്ടാകാൻ ഇടവരുന്നു. മൂർത്തികൾ നമ്മുടെ സംസ്ക്കാരത്തിന്റെ പ്രതീകം മാത്രമാണ്. അതിനെ നശിപ്പിച്ച് സംസ്കാരത്തിനെതിരെ വെല്ലു വിളിക്കുന്ന വരോട് ഒരിക്കലും നാം ക്ഷമിക്കേണ്ടതില്ല.

നാം മൂർത്തീ പൂജയെ വിരോധിക്കുന്നു, മൂർത്തിയെ അല്ല. കാരണം വസ്തുക്കളെ സംരക്ഷിക്കുന്നത് പ്രധാനപ്പെട്ട കാര്യമാണ്. ഇതിഹാസത്തിന്റെ പ്രവാഹത്തിൽ പലപ്പോഴും വിഗ്രഹങ്ങൾ തകർക്കപ്പെട്ടിട്ടുണ്ട്. ആ അവസരങ്ങളിലെല്ലാം വൈദിക ധർമ്മികൾ അതിനെ പ്രതിരോധിക്കുകയും സാംസ്ക്കാരിക മൂല്യങ്ങളായ മൂർത്തികൾക്ക് രക്ഷ നല്കിയിട്ടുമുണ്ട്.

ഈശ്വരൻ സർവ്വവ്യാപിയാകുന്നു. ആത്മാവിലും പ്രകൃതിയിലും ഈശ്വരസാന്നിദ്ധ്യമുണ്ട്. പൃഥ്വവീ, ജലം, അഗ്നി, വായു, ആകാശം തുടങ്ങി സൃഷ്ടിയിലെ ഓരോ കണങ്ങളിലും ഈശ്വരൻ നിറഞ്ഞിരിക്കുന്നു. ചേതനയിലും ജഡത്തിലും മണ്ണിലും കല്ലിലും അതുണ്ട്. അതിനർത്ഥം നാം അതുകൊണ്ട് നിർമ്മിക്കപ്പെട്ട മൂർത്തികളെ പൂജിക്കണമെന്നല്ല. നാം ചൈതന്യമാണ്. ഈശ്വരനെ കണ്ടെത്താൻ മൂർത്തികളുടെ ഉള്ളിൽ പ്രവേശിക്കുവാൻ നമുക്ക് കഴിയില്ലല്ലോ. പിന്നെ എവിടെ കണ്ടെത്തും? ഒരു വഴിയുണ്ട്. എവിടെയാണ് നാം ഉള്ളത് അവിടെത്തന്നെ പരമാത്മാവും ഇരിക്കുന്നു. അത് മറ്റെവിടെയുമല്ല. നമ്മുടെ അന്തഃകരണത്തിൽ അവിടെ ജീവാത്മാവിനോടൊപ്പം പരമാത്മാവും വിരാജിക്കുന്നു. അതുകൊണ്ട് നമ്മുടെ കണ്ണുകളെ പിൻവലിക്കുക. മനസ്സിൽ ശ്രദ്ധയും പ്രേമവും നിറച്ച് നിരാകാരനായ പരമാത്മാവിനെ ധ്യാനിക്കുക. ആ നിരാകാര പ്രഭുവിന്റെ ദർശനം ലഭിക്കും. ഈശ്വരന് യാതൊരു രൂപമൊ നിറമൊ ഒന്നുമില്ല. ലഭിക്കുന്ന ആനന്ദത്തിന്റെ അനുഭൂതിയാണ് യഥാർത്ഥ ഈശ്വരസാക്ഷാത്ക്കാരം.

മനുഷ്യന്റെ ആത്മാവ് സത്യാസത്യത്തെ തിരിച്ചറിയാനുള്ളതാണ്. എന്നാൽ മനുഷ്യൻ എപ്പോഴും അസത്യത്തിന്റെ പിന്നാലെ പായുന്നു. ഈശ്വരൻ മനുഷ്യന് സത്യാസത്യത്തെ വിവേചിച്ച് അറിയാനുള്ള ഒരു യന്ത്രം നൽകിയിരിക്കുന്നു. അതിനെ നാം 'ബുദ്ധി, വിവേകം എന്നെല്ലാം പറയുന്നു. ഈശ്വരൻ നൽകിയ ബുദ്ധി വേണ്ടവിധത്തിൽ ഉപയോഗിക്കാത്ത പക്ഷം നാം നമുക്ക് മാത്രമല്ല ഹാനി വരുത്തുന്നത് അന്യർക്കും ഹാനി വരുത്തുന്നു. ഇക്കാരണത്താൽ മനുഷ്യൻ പലപ്പോഴും മൃഗതുല്യം പെരുമാറുകയും കുറെ കഴിയുമ്പോൾ മരണപ്പെടുകയും ചെയ്യുന്നു. അതുകൊണ്ട് നാം മനുഷ്യരാണോ എന്ന് ഇടക്കിടക്ക് ചിന്തിക്കുന്നത് നന്നായിരിക്കും.

(തുടരും)

*ബ്രഹ്മൻ ത്വം ബ്രഹ്മസി (യജുർവേദം 10.28)*
*ഹേ ബ്രഹ്മൻ! നീ അറിവുള്ളവനാകുന്നു*

(മുൻലക്കത്തിന്റെ തുടർച്ച)



# വേദങ്ങൾ തന്നെയാണ് ഈശ്വരീയ ജ്ഞാനം

ശിവശങ്കർ ശർമ്മ കാവ്യതീർത്ഥ്
തർജ്ജമ : കെ. എം. രാജൻ മീമാംസക്

## ഈശ്വരീയ ഗ്രന്ഥം ഏത് ? (തുടർച്ച.....)

### മനുഷ്യന്റെ സർവ്വജ്ഞത

**മേൽപ്പറഞ്ഞ** പ്രകാരത്തിലുള്ള വർണ്ണനകൾ വേദത്തിൽ വന്നിട്ടുണ്ട്. അതുകൊണ്ട് വേദങ്ങൾ ഈശ്വരീയ ജ്ഞാനമാണ്.

**7. ഏതൊന്നിലാണോ ജീവാത്മാക്കളുടെ പൂർവ്വഭാവം, അവിനശ്വരത, കർമ്മാനുസാരം, നിഗ്രഹാനുഗ്രഹം തുടങ്ങിയ നിർദ്ദേശങ്ങളുള്ളത് .**

ജീവാത്മാവ് അനാദിയാണ്. അതിന്റെ വർണ്ണന വേദങ്ങളിൽ വളരെയധികമുണ്ട്. 'ഇന്ദ്രൻ' എന്ന നാമം ജീവാത്മാവിന്റെയാണ്. ഇതിന്റെ ഒരു പ്രമാണം മാത്രം ഇവിടെ നൽകാം. കണ്ണ്, ചെവി, മൂക്ക് എന്നിവയുടെ പേര് ഇന്ദ്രിയമെന്നതാവുന്നത് ഇന്ദ്രന് - ആത്മാവിന് അനുഭൂതികൾ അറിയാൻ പര്യാപ്തമാവുന്നതിലാണ്. ഇന്ദ്രൻ എന്ന ശബ്ദത്തിൽ നിന്നാണ് ഇന്ദ്രിയമുണ്ടായത്. ഇന്ദ്രൻ അനാദിയാണ്. സദാ ഉള്ളതാണ്. ഇതിന്റെ നിരൂപണം വേദങ്ങളിൽ ധാരാളമുണ്ട്.

**ദ്വാ സുപർണാ സയുജാ സഖായാ സമാനം വൃക്ഷം പരിഷസ്വജാതേ।
തയോരന്യഃ പിപ്പലം സ്വാദ്വത്യനശ്നന്യോ അഭിചാകശീതി॥**

(ഋഗ്വേദം 1.164.20)

ഈ ഋചയിലും ജീവാത്മാവിന്റെ അനാദിത്വം സിദ്ധമാകുന്നു. ജീവാത്മാവ് അനാദിയാണെന്ന് കരുതാത്തവർക്ക് അനേകം ദോഷങ്ങളുണ്ട്. ഈശ്വരൻ ഇവക്കായി ആകാശം എന്തിനുണ്ടാക്കി? ചിലർക്ക് ദുഃഖങ്ങളും, മറ്റുചിലർക്ക് സുഖവും അഭാവത്തിൽ നിന്ന് എങ്ങനെയാണ് ഭാവമുണ്ടാകുക? ഒരു നല്ല വസ്തു പരമാത്മാവ് ഉണ്ടാക്കിയാൽ അത് നല്ലതായിരിക്കെ, നികൃഷ്ടവും, ഉത്കൃഷ്ടവുമായ ശരീരങ്ങൾ എന്തുകൊണ്ട്? ശുഭകർമ്മങ്ങൾ ചെയ്യുന്നതിനു മാത്രമുള്ള ബുദ്ധിയെ നൽകട്ടെ. പിന്നെ എന്തുകൊണ്ടാണ് ചിലർക്ക് മുക്തി ലഭിക്കുകയും മറ്റു ചിലർക്ക് ലഭിക്കാതിരിക്കുകയും ചെയ്യുന്നത്? ഈശ്വരൻ ആഗ്രഹിക്കുന്നത് എപ്രകാരമാണോ അപ്രകാരം തന്നെ അയാളെക്കൊണ്ട് പ്രവർത്തിപ്പിക്കുന്നുവെങ്കിൽ ആരാണ് ഇതിൽ കുറ്റക്കാരൻ? അതുപോലെ മനുഷ്യരിലും മൃഗങ്ങൾ തുടങ്ങിയവയിലും ജീവാത്മാക്കളിൽ വ്യത്യസ്തത കാണുന്നു. മൃഗങ്ങളിൽ ആത്മാവുണ്ടെന്ന് മാനിക്കുന്നതുപോലുമില്ല. കുറച്ചുമനുഷ്യരെ ആദ്യമേ തന്നെ നരകത്തിലേക്കും മറ്റുചിലരെ സ്വർഗ്ഗത്തിലേക്കും സൃഷ്ടിച്ചു തുടങ്ങിയ യുക്തിസഹജമല്ലാത്ത കാര്യങ്ങൾ ഖുർ-ആനിൽ പറയുന്നുണ്ട്. കർമ്മാനുസാരമാണ് എല്ലാ വിഭാഗവുമെന്ന് വേദങ്ങളിൽ പറയുന്നു. മോഷണം ചെയ്യുന്നവർക്ക് ശിക്ഷയും നല്ല കാര്യം ചെയ്യുന്നവർക്ക് പാരിതോഷികവും ലഭിക്കുന്നത് ലോകത്തിൽ കാണാറുള്ളതാണല്ലോ.

(തുടരും)

തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)

ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !



(മുൻ ലക്കത്തിന്റെ തുടർച്ച)

# ദയാനന്ദ ദൃഷ്ടാന്ത സംഗ്രഹം

സത്യാനന്ദ് 'വേദവാഗീശ്
തർജ്ജമ : ബ്രഹ്മചാരി ശാസ്തൃശർമ്മൻ

## അന്ധന്മാർ ആനയെകണ്ടപോലെ ജ്ഞാനാന്ധൻമാരുടെ ശാസ്ത്രീയ വീക്ഷണം (തുടർച്ച.....)

വിദ്യ, ജ്ഞാനം, വിചാരം എന്നിവ കൂടാതെ യാതൊന്നും നിർമ്മിക്കുവാൻ സാധിക്കുകയില്ലെന്ന് യോഗദർശനം ഉദ്ഘോഷിക്കുന്നു. "തത്ത്വങ്ങളുടെ സമ്മേളനം കൂടാതെ സൃഷ്ടിക്കുവാൻ സാധ്യമല്ല" എന്നാണ് സാംഖ്യത്തിൽ. "നിർമ്മാതാവ് നിർമ്മിച്ചില്ലെങ്കിൽ യാതൊരു പദാർത്ഥത്തിനും ഉത്പ്പന്നമാകുവാൻ കഴിയുകയില്ല" എന്ന് വേദാന്തത്തിലും. മേൽപ്പറഞ്ഞതിൽ നിന്ന് മനസ്സിലാകുന്നത് സൃഷ്ടി ഈ ആറ് കാരണങ്ങളാലാണ് ഉണ്ടാകുന്നത് എന്നതാണ്. ഈ ആറ് കാരണങ്ങളെയും ഓരോരോ ശാസ്ത്രത്തിൽ പ്രത്യേകിച്ച് വിവരിക്കുന്നു. അതിനാൽ ഈ ശാസ്ത്രങ്ങളിൽ ഒരു വിരോധാഭാസങ്ങളും ഇല്ല. ആറുപേർ കൂടിചേർന്ന് ഒത്തുപിടിച്ച് ഒരു മേൽക്കൂര എടുത്ത് പൊന്തിച്ച് ഭിത്തികളിൽമേൽ സ്ഥാപിക്കുന്നതുപോലെ, സൃഷ്ടി രൂപമായ കാര്യത്തിന്റെ വ്യാഖ്യാനം ആറ് ശാസ്ത്രജ്ഞൻമാർ കൂടിച്ചേർന്ന് പൂർണ്ണമാക്കുകയാണ് ചെയ്തത്. കാഴ്ചശക്തിയില്ലാത്ത അഞ്ചാളുകൾക്കും കാഴ്ചക്കുറവുള്ള ഒരുവനും ഒരാനയുടെ ഓരോരോ അംഗങ്ങളെ ഒരുവൻ കാണിച്ചുകൊടുത്ത് 'ആന എങ്ങനെയുള്ളതാണ്?' എന്ന് അവരോട് ചോദിച്ചു. അവരിൽ ഒരാൾ ആന തൂണുപോലെയാണെന്നും, മറ്റൊരുവൻ മുറം പോലെയാണെന്നും, മൂന്നാമത്തവൻ ഉലക്കപേലെയാണെന്നും, നാലാമത്തവൻ ചൂലുപോലെയാണെന്നും, അഞ്ചാമത്തവൻ തറപോലയാണെന്നും പറഞ്ഞു. ആറാമത്തവൻ പറഞ്ഞത് 'ആന കറുകറുത്ത നാല് തൂണുകൾക്ക് സമം കാലുള്ള, മുകൾ ഭാഗം പോത്തിന്റെ ആകൃതിക്ക് തുല്യമാണെന്നും' പറഞ്ഞു. ഇതേപോലത്തന്നെ ഇക്കാലത്തുള്ള അനാർഷങ്ങളും നവീനങ്ങളുമായ ഗ്രന്ഥങ്ങൾ മാത്രം വായിക്കുകയും പ്രാകൃതഭാഷ മാത്രം അറിയുകയും ചെയ്യുന്ന ജനങ്ങൾ ഋഷി പ്രണീതങ്ങളായ ഗ്രന്ഥങ്ങൾ വായിക്കാതിരിക്കുകയും നവീനന്മാരായ ക്ഷുദ്രബുദ്ധികൾ നിർമ്മിച്ചിട്ടുള്ള സംസ്കൃത ഗ്രന്ഥങ്ങളും ഭാഷാഗ്രന്ഥങ്ങളും മാത്രം വായിക്കുകയും ചെയ്ത്, അന്യോന്യം ലഹള സൃഷ്ടിക്കുകയും ചെയ്യുന്നു. ഇവരാൽ പറയപ്പെട്ട കാര്യങ്ങൾ മാനനീയമല്ല. എന്തെന്നാൽ ഒരന്ധന്റെ പിറകെ നടക്കുന്ന അന്ധൻ എന്തായാലും ദുഃഖത്തെ പ്രാപിക്കും. ഇതേപോലെ ഇക്കാലത്തെ അല്പവിദ്യായുക്തനും, സ്വാർത്ഥിയും ഇന്ദ്രിയവശീഭൂതൻമാരും ആയിട്ടുള്ള പുരുഷൻമാരുടെ ലീലകൾ സൃഷ്ടിയെത്തന്നെ നശിപ്പിക്കുന്നു.

(തുടരും)

ധർമ്മം ചര (തൈ. ഉ. 1.11.1)
ധർമ്മാചരണം ചെയ്യൂ !

(പേജ് 8 ന്റെ തുടർച്ച)

യിൽ പടിഞ്ഞാറൻ ഏഷ്യയിലെ കെട്ടിടങ്ങളും സാധനങ്ങളും രൂപകല്പന ചെയ്യാൻ നിർബന്ധിച്ചു എന്നതാണ് സത്യം. മധ്യകാലഘട്ടത്തിൽ നിർമ്മിക്കപ്പെട്ട പല മണിമന്ദിരങ്ങളും ഭാരതീയ ശില്പശാസ്ത്രമനുസരിച്ചാണ് എന്ന് പരിശോധിച്ചാൽ മനസ്സിലാകുന്നതാണ്. പഴയ ഡൽഹി (Old Delhi) യുടെ സ്ഥാപനത്തേക്കുറിച്ച് നമ്മുടെ ചരിത്രപുസ്തകങ്ങളിൽ തെറ്റായ വിവരമാണ് കൊടുത്തിരിക്കുന്നത്. 17-ാം നൂറ്റാണ്ടിൽ ഷാജഹാനാൽ നിർമ്മിക്കപ്പെട്ടതാണ് പഴയ ഡൽഹി എന്നു പറയുന്നു. അത് സത്യമാണെങ്കിൽ ഡൽഹിക്കുമുമ്പുണ്ടായ Old Delhi എന്ന പേർ വന്നതെങ്ങിനെ? അങ്ങനെയാണെങ്കിൽ പഴയത് എന്നതിനുപകരം 'ഏറ്റവും പുതിയ' ഡൽഹി എന്ന് വേണമായിരുന്നല്ലോ അതിനെ പറയാൻ.

മംഗോളിയൻ ആക്രമി ആയിരുന്ന തിമൂർ എ. ഡി. 1378-ൽ പഴയ ഡൽഹിയിൽ നടത്തിയ നരനായാട്ടിനെക്കുറിച്ചും സ്വന്തം ഓർമ്മക്കുറിപ്പുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പഴയ ഡൽഹി (Old Delhi) എന്ന പേർ വളരെ പണ്ടുമുതൽ ഉണ്ടായിരുന്നതാണെന്ന് ഇതിൽ നിന്നും തെളിയുന്നു. തിമൂറിനെ നേരിടുന്നതിനുവേണ്ടി ഹിന്ദുക്കൾ ഡൽഹിയിൽ മസ്ജിദിന്റെ സ്ഥാനത്തുണ്ടായിരുന്ന കാളീക്ഷേത്രത്തിൽ ഒന്നിച്ചുകൂടിയിരുന്നുവെന്നും തീമൂറിന്റെ ഓർമ്മക്കുറിപ്പുകൾ പറയുന്നു.

ഇതിനുപുറമെ നൂറുകണക്കിന് തല തിരിച്ചിട്ട സത്യങ്ങളാൽ ഭാരതചരിത്രം വികൃതമാക്കപ്പെട്ടിരിക്കുന്നു. പല പ്രധാനപ്പെട്ട അദ്ധ്യായങ്ങളും അപ്രത്യക്ഷമായിരിക്കുന്നു. നമ്മുടെയെല്ലാം ഓർമ്മയിലുള്ള ബ്രിട്ടീഷ് സാമ്രാജ്യംപോലെ, പ്രാചീന ഭാരതവർഷത്തിന്റെ അതിർത്തിയിൽ കിഴക്ക് ജപ്പാൻ വരെയും, തെക്ക് ബാലിദ്വീപ് വരെയും, പടിഞ്ഞാറ് അറേബ്യ വരേയും വടക്ക് ബാൾട്ടിക്ക് വരെയും വ്യാപിച്ചുകിടന്നിരുന്നു. ഇതിന്റെ ഏതാനും തെളിവുകൾ ഈ പുസ്തകത്തിന്റെ അവസാന അധ്യായത്തിൽ വിവരിച്ചിട്ടുണ്ട്.

ഈ പ്രസിദ്ധീകരണം വിസ്തൃതമായ ഭാരത ചരിത്രത്തിലെ അപാകതകൾ നീക്കി ശരിയായ ഒരു ചരിത്രഗവേഷണത്തിന് വഴിയൊരുക്കുമെന്ന് പ്രതീക്ഷിക്കുന്നു. ആധുനിക ബുദ്ധിജീവികൾ എന്നറിയപ്പെടുന്നവർ വികൃതമാക്കിയ ഭാരതീയ ചരിത്രഗവേഷണങ്ങൾക്ക് നേരെ കണ്ണുതുറക്കുന്നു. അവർ തെറ്റ് തിരുത്തുവാനോ അംഗീകരിക്കാനോ തയ്യാറായിട്ടില്ല താനും. അതിന് പുറമെ ഇത്തരം ഗവേഷണം നടത്തുന്നവരെ പരിഹസിക്കുവാനും നിരുത്സാഹപ്പെടുത്തുവാനും ശ്രമിക്കുകയും ചെയ്യുന്നുണ്ട്. വായനക്കാർ ഈ വെല്ലുവിളികളെ നേരിടാൻ തയ്യാറായി മുന്നോട്ട് വരുമെന്ന് പ്രതീക്ഷിക്കുന്നു.

പി. എൻ ഓക്ക്
പ്രസിഡണ്ട്
ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റി റൈറ്റിംഗ് ഇൻഡ്യൻ ആന്റ് വേൾഡ് ഹിസ്റ്ററി

12 ബി ദിവ്യ കുൻജാ
1076 ഗോഖലേ റോഡ്
പൂനേ-411016

സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)
ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !

(പേജ് 6 ന്റെ തുടർച്ച..................)

കണക്കാക്കപ്പെടുന്നു. ഇതിനുപുറമെ മനു മാനവവ്യവസ്ഥകളുടെ ആദ്യകാലീന വ്യാഖ്യാതാവ് ആയിരുന്നു. ഇക്കാരണത്താലും മനുവിനെ ആദ്യകാലത്തുള്ളവനായി കണക്കാക്കുന്നു.

**വേദങ്ങളിലെ മനുശബ്ദം**

പാശ്ചാത്യരും അവരെ അനുകരിക്കുന്ന ആധുനികപണ്ഡിതരും മനുവിനെക്കുറിച്ച് ചിന്തിക്കുമ്പോൾ അദ്ദേഹത്തിന്റെ ജീവചരിത്രം വേദങ്ങളിൽ കണ്ടെത്താൻ ശ്രമിക്കുന്നു. ഋഗ്വേദത്തിലെ അനേകം സ്ഥാനങ്ങളിൽ വ്യക്തിവാചകമായി മനുശബ്ദം വരുന്നുണ്ട്. ചിലയിടങ്ങളിൽ അദ്ദേഹത്തെ പിതാവായും മറ്റു ചിലയിടങ്ങളിൽ യജ്ഞകർത്താവായും വേറെ ചിലയിടങ്ങളിൽ അഗ്നി സ്ഥാപകന്റെ രൂപത്തിലും അദ്ദേഹത്തിന്റെ വർണ്ണനയുണ്ട്. (ഋഗ്വേദം. 1.80.16,1.4.2,2.33.13,8.63.1,10.63.7)

ഈ ചർച്ചക്കുള്ള ഉത്തരം മനുവിന്റെ അഭിപ്രായമനുസരിച്ച് നൽകുകയാണെങ്കിൽ അത് കൂടുതൽ പ്രാമാണ്യമുള്ളതായിരിക്കും. വേദങ്ങൾ ഈശ്വരപ്രദത്തം അഥവാ അപൗരുഷേയമാണെന്ന് മനു അംഗീകരിക്കുന്നുണ്ട്. സൃഷ്ടിയുടെ ആരംഭത്തിൽ അഗ്നി, വായു, ആദിത്യൻ എന്നിവരുടെ മാധ്യമത്താൽ വേദജ്ഞാനം നൽകി. അപൗരുഷേയമായതിനാൽ വേദജ്ഞാനം പൂർണ്ണവും നിത്യവുമാണ്. അപരിമിതവുമാണ് (1.23,1.4). തുടക്കത്തിൽ വേദങ്ങളിൽ നിന്നുതന്നെ നാമങ്ങൾ സ്വീകരിച്ച് വ്യക്തികൾക്കും വസ്തുക്കൾക്കും നല്കി (മനു 1.22). വേദങ്ങൾ അപൗരുഷേയമെന്ന് പ്രഖ്യാപിച്ച മനുവിനെ അതേ വേദങ്ങളിൽ അന്വേഷിക്കുന്നത് മനുവിനോടുതന്നെ ചെയ്യുന്ന അന്യായമാണ്. മാത്രവുമല്ല മനുവിനുമുമ്പാണ് വേദരചനാകാലമെന്നതിനാൽ ഈ വാദം കാലവിരുദ്ധമാണ്.

വേദങ്ങളിൽ മനുശബ്ദം വിഭിന്ന അർത്ഥങ്ങളിൽ വരുന്നതാണ്. ചിലയിടങ്ങളിൽ അത് ഈശ്വരന്റെ പര്യായവാചികളാണ് (ഋഗ്വേദം-1.80.16,സ്വാമി ദയാനന്ദ ഭാഷ്യം). ചിലയിടങ്ങളിൽ മനുഷ്യരെ ഉദ്ദേശിച്ചിട്ടുള്ളതാണ് (4.26.4,5.2.12,6.21.11,8.47.4) ചിലഭാഗങ്ങളിൽ മനനശീലരായ പണ്ഡിതരെ ഉദ്ദേശിച്ചാണ്. (ഋഗ്വേദം- 1.80.16, 1.33.99,2.33.13-സ്വാമി ദയാനന്ദ ഭാഷ്യം) നിരുക്തം, ബ്രാഹ്മണങ്ങൾ എന്നിവ ഈ അർത്ഥത്തെ പുഷ്ടീകരിക്കുന്നു. മനുഃ മനനാത് (നിരുക്തം 12.34) യേ വിദ്വാംസസ്തേ മനവഃ (ശത. 8.6.3.18)

ചിന്തകൻമാർക്കിവ വ്യക്തിവാചകമായി തോന്നാം. എന്നാൽ അവ യഥാർത്ഥത്തിൽ ഈശ്വരവാചകമായ പ്രയോഗമാണ്. കൂടുതൽ ദീർഘിപ്പിക്കാതെ മനുസ്മൃതിയുടെ തന്നെ ഈ വിഷയത്തിലുള്ള ഒരു പ്രമാണം നൽകി ഈ വിഷയം വ്യക്തമാക്കാം. ഈശ്വരനെ വർണ്ണിച്ചുകൊണ്ട് മനു പറയുന്നു: ആ പരമേശ്വരൻ വിഭിന്ന നാമങ്ങളാൽ വിളിക്കപ്പെടുന്നു. അതിലൊന്ന് പ്രജാപതി മനുവും ആണ്.

ഏതമേകേ വദന്ത്യഗ്നിം മനുമന്യേ പ്രജാപതിമ് ।
ഇന്ദ്രമേകേ പരേ പ്രാണമപരേ ബ്രഹ്മ ശാശ്വതമ് ॥

(12.123)

ഇപ്രകാരം മനുവിന്റെ സ്വന്തം അഭിപ്രായത്തിലും വേദങ്ങളിലെ 'പ്രജാപതി' 'പിതാ' തുടങ്ങിയ വിശേഷണങ്ങളോടുകൂടിയ മനു ഈശ്വരനാണ്. ഇത്തരം പ്രമാണങ്ങൾ ഉണ്ടായിട്ടും വേദങ്ങളിൽ മനുവിനെ കണ്ടെത്താൻ ശ്രമിക്കുന്നത് മനുവിന്റെ കാഴ്ചപ്പാടിന് വിരുദ്ധമാണ്. (തുടരും)

സർവ്വ തദ് ഹന്മി ജനിമ ക്രമീണാമ് (അഥർവ്വം 2.31.5)
ഞാൻ കൃമികളെ ജന്മസ്ഥാനത്തു തന്നെ നശിപ്പിക്കും.



(മുൻലക്കത്തിന്റെ തുടർച്ച)

# ത്രൈത സിദ്ധാന്തം എന്ത്? എങ്ങനെ?

കെ.എം.രാജൻ മീമാംസക്

## ഈശ്വരനും ജീവാത്മാവും തമ്മിലുള്ള ബന്ധത്തെ കുറിക്കുന്ന ഏതാനും വസ്തുതകൾ ഇനി നോക്കാം

| ക്രമ നമ്പർ | ഈശ്വരൻ | ജീവാത്മാവ് |
|---|---|---|
| 21 | ഈശ്വരൻ പുരസ്കാരം നൽകുന്നവനാണ്. | ജീവാത്മാവ് പുരസ്കാരം സ്വീകരിക്കുന്നവനാണ്. |
| 22 | ഈശ്വരൻ നിയന്ത്രിക്കുന്നവനാണ്. | ജീവാത്മാവ് നിയന്ത്രിക്കപ്പെടുന്നവനാണ്. |
| 23 | ഈശ്വരൻ ആനന്ദമുക്തി നൽകുന്നവനാണ്. | ജീവാത്മാവ് മുക്തി നേടിയെടുക്കുന്നവനാണ്. |
| 24 | ഈശ്വരൻ പ്രേരകനാണ്. | ജീവാത്മാവ് പ്രേരണ ഏറ്റുവാങ്ങുന്നവനാണ. |
| 25 | ഈശ്വരൻ ഐശ്വര്യങ്ങളെ നൽകുന്നവനാണ്. | ജീവാത്മാവ് ഐശ്വര്യങ്ങൾ ഏറ്റുവാങ്ങുന്നവനാണ്. |
| 26 | ഈശ്വരൻ പ്രാർത്ഥന സ്വീകരിക്കുന്നവനാണ്. | ജീവാത്മാവ് പ്രാർത്ഥിക്കുന്നവനാണ്. |
| 27 | ഈശ്വരൻ രക്ഷിക്കുന്നവനാണ്. | ജീവാത്മാവ് രക്ഷിക്കപ്പെടുന്നവനാണ്. |
| 28 | ഈശ്വരൻ ഉപകാരങ്ങൾ ചെയ്യുന്നവനാണ്. | ജീവാത്മാവ് ഉപകാരങ്ങൾ നേടിയെടുക്കുന്നവനാണ്. |

**പാവകവർണ്ണഃ ശുചയോ വിപശ്ചിതഃ (യജു. 33. 81).**
**വിദ്വാൻ അഗ്നി തുല്യ തേജസ്വിയും പവിത്രവുമാണ്.**

| | | |
|---|---|---|
| 29 | ഈശ്വരൻ അനുഗ്രഹിക്കുന്നവനാണ്. | ജീവാത്മാവ് അനുഗ്രഹം വാങ്ങുന്നവനാണ്. |
| 30 | ഈശ്വരൻ പുരോഹിതനാണ്. | ജീവാത്മാവ് യജ്ഞത്തിന്റെ യജമാനനാണ്. |
| 31 | ഈശ്വരൻ ജന്മദാതാവാണ്. | ജീവാത്മാവ് ജന്മം സ്വീകരിക്കുന്നവനാണ്. |
| 22 | ഈശ്വരൻ ധ്യേയനാണ്. | ജീവാത്മാവ് ധ്യാനിക്കുന്നവനാണ്. |
| 33 | ഈശ്വരൻ ജ്ഞേയനാണ്. | ജീവാത്മാവ് ജ്ഞാനം നേടുന്നവനാണ്. |
| 34 | ഈശ്വരൻ മന്ത്രങ്ങൾ കേൾക്കുന്നവനാണ്. | ജീവാത്മാവ് മന്ത്രങ്ങൾ ചൊല്ലുന്നവനാണ്. |
| 35 | ഈശ്വരൻ നിദിധ്യാസിതവ്യ-നാണ്. | ജീവാത്മാവ് നിദിധ്യാസിതനാണ്. |
| 36 | ഈശ്വരൻ ആഗ്രഹങ്ങൾ പൂർത്തീകരിക്കുന്നവനാണ്. | ജീവാത്മാവ് ആഗ്രഹങ്ങൾ ഉള്ളവനാണ്. |
| 37 | ഈശ്വരൻ ജനകനാണ്. | ജീവാത്മാവ് ജന്യനാണ്. |
| 38 | ഈശ്വരൻ സ്വയം പ്രകാശകനാണ്. | ജീവാത്മാവ് ഈശ്വരനാൽ പ്രകാശവാനാണ്. |

എല്ലാ സത്യവിദ്യകളുടേയും ആ വിദ്യകൊണ്ട് അറിയപ്പെടുന്ന പദാർത്ഥങ്ങളുടേയും ആദിമൂലം പരമേശ്വരനാകുന്നു.

\- മഹർഷി ദയാനന്ദസരസ്വതി

(തുടരും)

സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)
ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !



ബാലപംക്തി

# ഗുണപാഠ കഥകൾ

സമ്പാദകൻ : കെ. കെ. ജയൻ ആര്യ

## ആരാണ് മഹാൻ?

**മാ**സിഡോണിയയിലെ രാജാവായിരുന്ന സിക്കന്തർ ഒരു അതുല്യനായ യോദ്ധാവും ആത്മാഭിമാനിയുമായിരുന്നു. ആരും അദ്ദേഹത്തിന്റെ മുമ്പിൽ ശിരസ്സുയർത്തി സംസാരിക്കുവാൻ ധൈര്യപ്പെട്ടിരുന്നില്ല. സിക്കന്തർ അത് സഹിക്കുമായിരുന്നില്ല താനും. ഒരിക്കൽ ആ യോദ്ധാവിന് ജിതേന്ദ്രിയനായ ഒരു തപസ്വിയെ കാണാൻ അവസരമുണ്ടായി. ദേവജാനസ്സ് എന്ന ഒരു സന്യാസി. സാധുവായ ആ സന്യാസി ഒരു പൊതുസ്ഥലത്ത് വിശ്രമിക്കുകയായിരുന്നു. അതേ വഴിയിലൂടെ സിക്കന്തറിനും യാത്ര ചെയ്യേണ്ടി വന്നു. മുന്നിൽ സഞ്ചരിച്ചിരുന്ന അംഗരക്ഷകർ ദേവജാനസ്സിന്റെ സമീപം ചെന്ന് പറഞ്ഞു. 'ദേവജാനസ്സ്! വിശ്വവിജയിയായ ബാദർഷാ സിക്കന്തർ വന്നു കൊണ്ടിരിക്കുന്നു, എഴുന്നേറ്റ് പോകൂ, അല്ലെങ്കിൽ അദ്ദേഹത്തെ വണങ്ങി സ്വാഗതം ചെയ്യൂ.' ദേവജാനസ്സ് സിക്കന്തറിനെ സ്വാഗതം ചെയ്യാൻ തുനിയാതെ അവിടെത്തന്നെ കിടന്നു. കൂടുതൽ അംഗരക്ഷകർ അവിടെയെത്തി. എന്നാൽ ദേവജാനസ്സ് എഴുന്നേൽക്കാൻ തയ്യാറായില്ല. അവസാനം സിക്കന്തർ അവിടെയെത്തി ആ സാധുവിനോട് ആക്രോശിച്ചു. 'ദേവജാനസ്സ്! നിങ്ങൾക്കറിയില്ലേ വിശ്വവിജയിയായ രാജാ സിക്കന്തറാണ് നിങ്ങളുടെ മുമ്പിൽ നിൽക്കുന്നത് എന്ന്? നിങ്ങൾ എന്തുകൊണ്ട് പ്രണമിക്കുന്നില്ല?'

ദേവജാനസ്സ് വളരെ ശാന്തമായി മറുപടി പറഞ്ഞു. 'എനിക്ക് രണ്ട് അടിമകൾ ഉണ്ട്. ആദ്യത്തേത് എന്റെ ഇച്ഛയാണ്, രണ്ടാമത്തേത് എന്റെ അത്യാഗ്രഹവും. രണ്ടിനേയും ഞാൻ എന്റെ നിയന്ത്രണത്തിൽ വച്ചിരിക്കുന്നു. എന്നാൽ നിന്നെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നത് എന്റെ ഈ ദാസന്മാരാണ്. നിന്റെ മോഹങ്ങളെയും അത്യാഗ്രഹങ്ങളെയും നിനക്ക് നിയന്ത്രിക്കാനാകുന്നില്ല. അതായത് എന്റെ അടിമകൾ നിന്നെ ഭരിച്ചുകൊണ്ടിരിക്കുന്ന കാലത്തോളം ഹേ സിക്കന്തർ, നിന്നെ ഞാൻ എങ്ങനെ അഭിവാദ്യം ചെയ്യും?... പറയൂ.'

ആ തേജസ്വിയായ സാധുവിന്റെ യുക്തിപൂർവ്വമുള്ള ചോദ്യത്തിന് സിക്കന്തറിന് മറുപടിയുണ്ടായില്ല. ആ യോദ്ധാവ് ഒരു നിമിഷം ചിന്താധീനനായി. എന്നിട്ട് തന്റെ സൈനികരോടോപ്പം യാത്ര തുടർന്നെങ്കിലും അധികകാലം സിക്കന്തറിന് യുദ്ധവുമായി മുന്നോട്ടുപോകാൻ കഴിഞ്ഞില്ല. തന്റെ സ്വപ്നം പൂർണ്ണമായി സാക്ഷാത്ക്കരിക്കാനാകാതെ ഭാരതത്തിൽ നിന്നും തിരികെ പോകേണ്ടി വന്നു.

■

സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)
ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !


# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

## വേദഗുരുകുലം എട്ടാം വാർഷികാഘോഷം സമാപിച്ചു

**കാ**റൽമണ്ണ വേദഗുരുകുലത്തിന്റെ എട്ടാം വാർഷികാഘോഷം 2024 ജനുവരി 26, 27 തിയ്യതികളിൽ വിവിധ പരിപാടികളോടെ ആഘോഷിച്ചു. ജനുവരി 26 ന് കാലത്ത് 7 മണിക്ക് നടന്ന പൗർണമാസേഷ്ടിയോടെ ആരംഭിച്ച ആഘോഷത്തിൽ വൈകുന്നേരം 4 ന് പെരുമ്പാവൂർ ഗീതാഞ്ജലി സംഗീത വിദ്യാലയത്തിന്റെ നേതൃത്വത്തിൽ ഭജന സന്ധ്യ നടന്നു. 27 ന് കാലത്ത് 7 മണിക്ക് ബൃഹദ് അഗ്നിഹോത്രത്തോടെ ആരംഭിച്ച രണ്ടാം ദിവസത്തെ പരിപാടിയിൽ 9 മണിക്ക് ആര്യധ്വജാരോഹണവും തുടർന്ന് പണ്ഡിതരത്നം ഡോ. പി. കെ. മാധവന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ ശ്രീ. കെ. എം. രാജൻ മീമാംസക് സ്വാഗത പ്രസംഗവും, വാർഷിക റിപ്പോർട്ടും അവതരിപ്പിച്ചു. തുടർന്ന് ബ്രഹ്മചാരി അരുൺ ആര്യവീർ എഴുതിയ "മേം നേ ഈസായി മത് ക്യോം ഛോഡാ" എന്ന ഹിന്ദി പുസ്തകത്തിന്റെ ശ്രീ. കെ. എം. രാജൻ മീമാംസക് എഴുതിയ മലയാള തർജ്ജമയായ **ഞാൻ എന്തുകൊണ്ട് ക്രിസ്തുമതം ഉപേക്ഷിച്ചു?** എന്ന പുസ്തകത്തിന്റെ പ്രകാശനം സ്വാമി ആശുതോഷ് ജി പരിവ്രാജക്, വിദ്യാഭാരതി ദക്ഷിണ ക്ഷേത്ര ശിശുവാടികാ പ്രമുഖ് ശ്രീ. കൃഷ്ണദാസ് ജിക്ക് ആദ്യപ്രതി നൽകി നിർവഹിച്ചു.

കാറൽമണ്ണ വേദഗുരുകുലത്തിന്റെ നേതൃത്വത്തിൽ പ്രകൃതിക്ക് അനുയോജ്യമായ ഗോ ആധാരിത ഉൽപന്നങ്ങൾ **"കാമധേനോ"** എന്ന പേരിൽ ജനങ്ങളിലേക്ക് എത്തിക്കാനുള്ള ഒരു സദുദ്യമത്തിന് സ്വാമി ആശുതോഷ് ജി പരിവ്രാജക് പണ്ഡിതരത്നം ഡോ. പി. കെ. മാധവൻ സാറിന് ഉൽപ്പന്നങ്ങൾ നൽകി ഉദ്ഘാടനം നിർവഹിച്ചു. ശ്രീ. സഞ്ജീവ് കുളങ്ങര കാമധേനോ ഉത്പന്നങ്ങളുടെ സവിശേഷത വിശദീകരിച്ചു. ദൈനംദിന ഉപയോഗത്തിനുവേണ്ടുന്ന നിരവധി ഉൽപ്പന്നങ്ങൾ ഇവിടെ നിർമ്മിക്കുന്നു. ലേഖരാം ഫൗണ്ടേഷൻ നിർധനരായ, പഠനത്തിൽ മികവ് കാണിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പഠന ധനസഹായ പദ്ധതിയായ ലേഖരാം **എജ്യുക്കേഷണൽ ഗ്രാന്റ്** വിതരണം ചെയ്തു. തുടർന്ന് കാറൽമണ്ണ വേദഗുരുകുലത്തിന്റെ നേതൃത്വത്തിൽ വിവിധ കേന്ദ്രങ്ങളിൽ നടത്തിയ വേദപഠന ക്ലാസ്സുകളിലെ പരീക്ഷാവിജയികൾക്കുള്ള പ്രമാണപത്ര വിതരണവും സ്വാമി ആശുതോഷ് ജി പരിവ്രാജക് നിർവ്വഹിച്ചു. ചടങ്ങിൽ നിരവധി പ്രമുഖ വ്യക്തികളും സംസാരിച്ചു. തുടർന്ന് ബ്രഹ്മചാരികളുടെ കലാകായിക പ്രകടനങ്ങൾ നടന്നു. വിഭവസമൃദ്ധമായ സദ്യയോടെ ഈ വർഷത്തെ വാർഷികാഘോഷം ഭംഗിയായി സമാപിച്ചു.





**യോ അഭ്രജാ വാതജാ യശ്ച ശുഷ്മഃ (അഥർവ്വം 1.12.3)**

**രോഗങ്ങൾ വാത, പിത്ത, കഫദോഷത്താൽ ഉണ്ടാകുന്നു.**

ഒരു ആര്യസമാജം പ്രസിദ്ധീകരണം
Date of Publication 10/03/2024
RNI NO. KERMAL/2013/53849
REGISTERED NO. OTTAPALAM/5/2023-25

ദയാനന്ദ സന്ദേശം ഉടമസ്ഥതയും വിശദാംശങ്ങളും സംബന്ധിച്ചുള്ള സ്ഥിതിവിവരം 1956 ലെ കേന്ദ്ര ന്യൂസ് പേപ്പർ നിയമപ്രകാരവും 19 ഡി (ബി) യിലെ പി.ആർ.ബി നിയമത്തിൻ പ്രകാരവും പ്രസിദ്ധപ്പെടുത്തുന്നത്.

## ഫോറം IV

1. പ്രസിദ്ധീകരിക്കുന്ന സ്ഥലം - ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം സ്മൃതി ഭവൻ, വെള്ളിനേഴി (പി.ഒ), പാലക്കാട്, 679 504, കേരളം
2. പ്രസിദ്ധീകരണ സ്വഭാവം - മാസിക
3. അച്ചടിക്കുന്ന ആളിന്റെ പേര് - കെ.എം.രാജൻ
   ഭാരതീയനാണോ - അതെ
   മേൽവിലാസം - ആര്യസമാജം ,പണ്ഡിറ്റ് ലേഖ്റാം സ്മൃതി ഭവൻ, വെള്ളിനേഴി (പി.ഒ), പാലക്കാട്, 679 504, കേരളം
4. പ്രസാധകന്റെ പേര് - കെ.എം.രാജൻ
   ഭാരതീയനാണോ - അതെ
   മേൽവിലാസം - ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം സ്മൃതി ഭവൻ, വെള്ളിനേഴി (പി.ഒ), പാലക്കാട്, 679 504, കേരളം
5. പത്രാധിപരുടെ പേര് - കെ.എം.രാജൻ
   മേൽവിലാസം - ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം സ്മൃതി ഭവൻ, വെള്ളിനേഴി (പി.ഒ), പാലക്കാട്, 679 504, കേരളം
6. പത്രത്തിന്റെ ഉടമസ്ഥയിൽ ഒരു ശതമാനമോ അതിലധികമോ ഓഹരിയോ, പങ്കാളിത്തമോ ഉള്ള വ്യക്തിയുടെ/ സ്ഥാപനത്തിന്റെ പേരും മേൽവിലാസവും- ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം, സ്മൃതി ഭവൻ, വെള്ളിനേഴി പി.ഒ, പാലക്കാട് - 679 504, കേരളം

മുകളിൽ കൊടുത്തിട്ടുള്ള വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് ഞാൻ കെ.എം. രാജൻ പ്രസ്താവിച്ചു കൊള്ളുന്നു.

സ്ഥലം : വെള്ളിനേഴി
ഒപ്പ്
തിയ്യതി : 10.03.2024
കെ.എം. രാജൻ, പ്രസാധകൻ

Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad-679 504. Printed at Mudra Printers, Cherpulassery. and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O), Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan
Email: dayanandasandesam@gmail.com Phone: 9446575923, 9497525923